# പയ്യോളി മുൻസിപ്പാലിറ്റി

പയ്യോളി പിൻ 673522 കോഴിക്കോട് ജില്ല
ഫോൺ:- 0496 2602043 e-mail:payyolimunicipality@gmail.com

തീയ്യതി :22/02/24

സ്വീകർത്താവ്
ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

സർ,

വിഷയം:- പയ്യോളി നഗരസഭ - നവകേരള സദസ് മുഖേന ലഭിച്ച അപേക്ഷകൾ/നിവേദനങ്ങൾ-മറുപടി നൽകിയത് റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്

സൂചന:- നവകേരള സദസിൽ ശ്രീ.എം.എ ബഷീർ, എളേറ്റിൽ മുതൽ പേർ എന്നവരുടെ 06/12/2023 തീയ്യതിയിൽ സമർപ്പിച്ച KZD0232708 ഡോക്കറ്റ് നമ്പർ അപേക്ഷ.

ശ്രീ.ബഷീർ എള്ളേറ്റിൽ എന്നവർ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ എൻ.എച്ച്. വൈഡനിംഗ് മൂലം ബയ്സ്മെന്റ് ഫ്ളോറിലേക്കുള്ള റാംമ്പ്, 3 പാർക്കിംഗ്, ലോഡിംങ്ങ് ആന്റ് അൺലോഡിംഗ് ഏരിയ എന്നിവ നഷ്ടമായിട്ടുണ്ടെന്ന് അപേക്ഷകൻ അവകാശപ്പെട്ടതിനാൽ ആയതിനാൽ വ്യക്തത വരുത്തുന്നതിന് തഹസിൽദാർ എൻ.എച്ച്.എ.ഐ യ്ക്കും മേൽ നഷ്ടങ്ങൾ ഇളവ് ചെയ്ത് ഒക്യുപൻസി അനുവദിക്കാമോ എന്നതിൽ വ്യക്ത വരുത്തുന്നതിന് സർക്കാറിലേക്കും കത്ത് നൽകിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
പയ്യോളി നഗരസഭ

# പയ്യോളി നഗരസഭ കാര്യാലയം

പയ്യോളി പിൻ 673522 കോഴിക്കോട് ജില്ല

ഫോൺ: 0496 2602043 e-mail :payyolimunicipality@gmail.com

T.P.1/8298/23 തിയ്യതി : 15/02/2024

സ്വീകർത്താവ്

ബഹു.ജോയിന്റ് ഡയരക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ
കോഴിക്കോട്.

സർ,

വിഷയം:- പയ്യോളി നഗരസഭ - ടൗൺ പ്ലാനിംഗ് വിഭാഗം- ഒക്യുപൻസി അനുവദിക്കുന്നത് വ്യക്തത വരുത്തുന്നത്- സംബന്ധിച്ച്

സൂചന:- ശ്രീ.ഹംസ കുന്നുമ്മൽ എന്നവരുടെ അപേക്ഷ.

പയ്യോളി നഗരസഭ, ഇലക്ട്രൽ വാർഡ് 21, റി.സ.88/03 B5 6A ൽ ദേശീയപാതയുടെ കീഴക്ക്ഭാഗത്ത് നിർമ്മിക്കുന്ന വാണിജ്യ കെട്ടിടത്തിന് അനുമതിക്കായി സൂചന (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം സ്ഥലം പരിശോധിച്ച് നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാകുന്നു. നിലവിൽ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കംപ്ളീഷ്യൻ പ്ലാൻ സമർപ്പിച്ചതിൽ എൻ.എച്ച്.വൈഡനിംഗ് മൂലം ബെയ്സ്മെന്റ് ഫ്ളോറിലേക്കുള്ള റാമ്പ്, 3 പാർക്കിംഗ്, ലോഡിംങ്ങ് ആന്റ് അൺലോഡിംഗ് ഏരിയ എന്നിവ നഷ്ടമായിട്ടുണ്ടെന്ന് അപേക്ഷകൻ അവകാശപ്പെട്ടതിനാൽ ആയതിനാൽ വ്യക്തത വരുത്തുന്നതിന് തഹസിൽദാർ എൻ.എച്ച്.എ.ഐ എന്നവർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത നഷ്ടങ്ങൾ ഒക്യുപൻസി അനുവദിക്കുന്നതിന് ഇളവ് ചെയ്ത് നൽകാൻ കഴിയുമോ എന്ന വിഷയത്തിൽ വ്യക്തത വരുത്തി നൽകുന്നതിന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
പയ്യോളി നഗരസഭ

# പയ്യോളി നഗരസഭ കാര്യാലയം

പയ്യോളി പിൻ 673522 കോഴിക്കോട് ജില്ല

ഫോൺ: 0496 2602043 e-mail :payyolimunicipality@gmail.com


TP1/8298/16 തിയ്യതി : 15/02/2024

സ്വീകർത്താവ്

ബഹു. പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശ സ്വയം ഭരണ വകുപ്പ്
തിരുവനന്തപുരം

**(ഉചിതമാർഗ്ഗേന)**

സർ,

വിഷയം:- പയ്യോളി നഗരസഭ - ടൗൺ പ്ലാനിംഗ് വിഭാഗം- ഒക്യുപൻസി അനുവദിക്കുന്നത് വ്യക്തത വരുത്തുന്നത്- സംബന്ധിച്ച്

സൂചന:-1. ശ്രീ.ഹംസ കുന്നുമ്മൽ എന്നവരുടെ അപേക്ഷ.
2. അസിസ്റ്റന്റ് എഞ്ചിനീയർ LID & EW എന്നവരുടെ 06/02/2024 ലെ റിപ്പോർട്ട്
3. തഹസിൽദാർ എൻ.എച്ച്.എ.ഐ എന്നവർക്ക് 15/02/2024 ന് അയച്ച കത്ത്

പയ്യോളി നഗരസഭയിൽ വാർഡ്-21, റി.സ.88/3 B.5.6A ൽ ദേശീയപാതയുടെ കിഴക്ക് ഭാഗം 4696.34 $M^2$ വിസ്തീർണ്ണത്തിൽ GF+4 നില വാണിജ്യ കെട്ടിടത്തിന് നിർമ്മാണ അനുമതിക്കായി സൂചന (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം സ്ഥലം പരിശോധിച്ച് നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാകുന്നു. പെർമിറ്റ് അനുവദിച്ച സൈറ്റ് പ്ലാനിൽ ഫ്രന്റ് യാഡ് എൻ.എച്ച് 66 ന് വേണ്ടി അക്വയർ ചെയ്ത വൈഡനിംഗ് ലൈനിൽ നിന്നും യഥാക്രമം 13.23 മീറ്ററും, 13.03 മീറ്ററും എന്നിങ്ങനെയായിരുന്നു. ഇതിനനുസരിച്ച് കെട്ടിടത്തിന്റെ ബെയ്സ്മെന്റ് ഫ്ളോറിലേക്കുള്ള റാമ്പ്, 3 പാർക്കിംഗ്, ലോഡിംങ്ങ് ആന്റ് അൺലോഡിംഗ് ഏരിയ എന്നില സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരുന്നു. ടി കാലയളവിൽ എൻ.എച്ച് 66 ന്റെ പ്രവർത്തി ആരംഭിച്ചിട്ടില്ലാത്തതാകുന്നു. നിലവിൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയപ്പോളാണ് എൻ.എച്ച്.66 ന്റെ സർവ്വീസ് റോഡ്, ഡ്രൈനേജ് എന്നിവയുടെ എർത്ത് വർക്ക് ആരംഭിച്ചതിനാൽ വൈഡനിംഗ് ലൈനിൽ മാറ്റം വന്നതായി അറിയുകയും ആയത് പ്രകാരം സൈറ്റ് പ്ലാൻ മാറ്റി വരയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാകുന്നു. ആയത് പ്രകാരം സമർപ്പിച്ച സൈറ്റ്പ്ലാനിൽ ഫ്രഡ് യാഡ് യഥാക്രമം 6.28 മീറ്ററും, 5.40 മീറ്റർ

ആയി ചുരുങ്ങുകയും ഇതനുസരിച്ച് ഫ്രഡ് യാഡിന്റെ വീതിയിൽ ശരാശരി 13.13 മീറ്ററിൽ നിന്നും 5.84 മീറ്ററായി കുറഞ്ഞിട്ടുണ്ട്. ആയത്കൊണ്ട് ഫ്രഡ് യാഡിൽ കൊടുത്തിരുന്ന ബെയ്സ്മെന്റ് ഫ്ളോറിലേക്കുള്ള റാംമ്പ്, 3 പാർക്കിംഗ്, ലോഡിംങ്ങ് ആന്റ് അൺലോഡിംഗ് ഏരിയ എന്നിവ എൻ.എച്ച് വൈഡനിംഗ് മൂലം നഷ്ടമായിട്ടുണ്ടെന്ന് അപേക്ഷകൻ അവകാശപ്പെട്ടതിനാൽ ആയതിൽ വ്യക്തത വരുത്തുന്നതിന് സൂചന (3) പ്രകാരം കത്ത് നൽകിയിട്ടുണ്ട്. എൻ.എച്ച് വൈഡനിംഗ് മൂലം പ്രസ്തുത കെട്ടിടത്തിന് ഉണ്ടായ മേൽ പറഞ്ഞ നഷ്ടങ്ങൾ ഒക്യുപൻസി അനുവദിക്കുന്നതിന് ഇളവ് ചെയ്ത് നൽകാൻ കഴിയുമോ എന്ന വിഷയത്തിൽ വ്യക്തത വരുത്തി നൽകുന്നതിന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
പയ്യോളി നഗരസഭ

Secretary
Payyoli Municipality